©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, വെള്ളി<br>Thiruvananthapuram, Friday | 2018 ഡിസംബർ 28<br>28th December 2018<br>1194 ധനു 13<br>13th Dhanu 1194<br>1940 പൌഷം 7<br>7th Pousha 1940 | നമ്പർ<br>No. 3291 |

## കേരള സർക്കാർ

ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യു.) വകുപ്പ്

## വിജ്ഞാപനം

സ. ഉ.(അച്ചടി) നമ്പർ 160/2018/ആ.കു.വ.

*തിരുവനന്തപുരം, 2018 ഡിസംബർ 28*
*1194 ധനു 13.*

**എസ്. ആർ. ഒ. നമ്പർ 936/2018.**—2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിലെ (2018-ലെ 2) 52-ാം വകുപ്പ് പ്രകാരവും 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ചട്ടങ്ങളിലെ 1-ാം ചട്ടം (2)-ാം ഉപചട്ടപ്രകാരവും നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ 2019 ജനുവരി 1-ാം തീയതി അംഗീകൃത ചികിൽസാ സമ്പ്രദായമായ മോഡേൺ മെഡിസിനെ

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെൻറ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.

33/4857/2018/S-11.



(ദന്ത ചികിൽസ ഉൾപ്പെടെ) സംബന്ധിച്ച് പ്രസ്തുത ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി ഇതിനാൽ നിശ്ചയിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

രാജീവ് സദാനന്ദൻ,
*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ചട്ടങ്ങളുടെ 1-ാം ചട്ടത്തിലെ (2)-ാം ഉപചട്ടത്തിൽ, പ്രസ്തുത ചട്ടങ്ങൾ സർക്കാർ ഗസറ്റ് വിജ്ഞാപനംവഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുമെന്നും വ്യത്യസ്ത അംഗീകൃത ചികിൽസാ സമ്പ്രദായങ്ങൾക്കുവേണ്ടി വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അംഗീകൃത ചികിൽസാ സമ്പ്രദായമായ മോഡേൺ മെഡിസിനെ (ദന്ത ചികിൽസ ഉൾപ്പെടെ) സംബന്ധിച്ച് 1-1-2019 തീയതി മുതൽ പ്രസ്തുത ചട്ടത്തിന് പ്രാബല്യം നൽകാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.